**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **01-02-2023 - ൽ മറുപടിയ്ക്ക്**

**പടിയൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ അഞ്ചുമാസത്തിലേറെയായി അസിസ്റ്റന്റ് എൻജിനീയറുടെ ഒഴിവ് നികത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവ് ഉൾപ്പെടെയുള്ളവയിൽ നിയമനം നടത്തുന്നതിലേയ്ക്കായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-ൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.12.2022 തീയതിയിലെ PDLSGD/1241/2022-C2 നമ്പർ കത്തിൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഒഴിവുള്ള തസ്തികളിൽ നിയമനം നടത്തുന്നതു വരെ താൽക്കാലികമായി നിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടെ തദ്ദേശസ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ വേഗത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിച്ച് വരുന്നു. നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ